പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3790 — 12.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി വനിത കണ്ടക്ടർമാരുടെ പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

<table>
<tr><td>(എ)</td><td>രാത്രികാല ഡ്യൂട്ടി സംബന്ധിച്ച് മുഖ്യമന്ത്രിക്ക് കെ.എസ്.ആർ.ടി.സി വനിത കണ്ടക്ടർമാരുടെ പരാതി ലഭിച്ചിട്ടുണ്ടോ;ആയതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;</td><td rowspan="2">(എ) യും (ബി) യും</td><td rowspan="2">ഇത്തരത്തിൽ പരാതി ലഭിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.<br>കെ.എസ്.ആർ.ടി.സിയിൽ വനിതാ കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽ നിയോഗിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തുന്നതും കഴിവതും രാത്രി വളരെ വൈകി അവസാനിക്കുന്ന ഡ്യൂട്ടികളിൽ നിന്നും വനിതാ കണ്ടക്ടർമാരെ ഒഴിവാക്കുന്നതിനും ശ്രദ്ധിക്കാറുണ്ട്. വനിതാ കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയാൽ സർവ്വീസ് ഓപ്പറേഷനെ ബാധിക്കുമെന്നതിനാൽ വനിതാ കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കാൻ പറ്റാത്ത ചില സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. അത്യാവശ്യം വരുന്ന ഘട്ടങ്ങളിലോ പുരുഷ കണ്ടക്ടർമാർ ഇല്ലാതെ വരുന്ന സാഹചര്യങ്ങളിലോ മാത്രമേ വനിതാ കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽ നിയോഗിക്കാറുള്ളൂ. സ്റ്റേ ഡ്യൂട്ടി നിർവ്വഹിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടായാൽ വനിതാ ജീവനക്കാർക്ക് സ്റ്റേ ചെയ്യുന്നതിനായുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് യൂണിറ്റ് ഓഫീസർമാർ പ്രത്യേക ശ്രദ്ധ ചെലുത്താറുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ജീവനക്കാർക്ക് രാത്രികാല ഡ്യൂട്ടിയിൽ നിന്ന് എന്തെങ്കിലും ഇളവുകൾ നൽകാൻ മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ തീരുമാനം എടുക്കുമോ; വിശദമാക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**